## കേരള സർക്കാർ

### വിദ്യാഭ്യാസ വകുപ്പ്

## എ.എച്ച്.എസ്.എൽ.സി സേ പരീക്ഷ

## ജൂൺ – 2026

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12

നമ്പർ.സി.ജനറൽ (4)/22258/2026/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം–12
തീയതി: 18.05.2026

# വിജ്ഞാപനം

വിഷയം:– എ.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ (സേ)പരീക്ഷ ജൂൺ 2026 – സംബന്ധിച്ച്.

സൂചന:– 1. ജി.ഒ.(എം.എസ്) 67/2014 പൊ.വി.വ. തീയതി 25.04.2014.
2. 29/10/2025–ലെ സി.ജനറൽ4–45400/2025–ാം നമ്പർ വിജ്ഞാപനം.

2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി പരീക്ഷ എഴുതിയ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി മൂന്ന് പേപ്പറുകൾക്ക് സൂചന (3) ന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ട പരീക്ഷാർത്ഥികൾക്ക് വിഷയങ്ങൾ എഴുതുന്നതിന് വേണ്ടിയാണ് സേവ് എ ഇയർ ("സേ") പരീക്ഷ നടത്തുന്നത്. **10/06/2026 മുതൽ 16/06/2026** വരെയുള്ള തീയതികളിൽ ചെറുതുരുത്തി കലാമണ്ഡലം ആർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് പരീക്ഷ നടത്തുന്നതാണ്. മാതൃക അപേക്ഷ ഫോറവും ടൈംടേബിളും പരീക്ഷയുടെ മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. 2026 മാർച്ചിൽ റഗുലറായി എ.എച്ച്.എസ്.എൽ.സി. പരീക്ഷ എഴുതിയവർക്ക് മാത്രമേ 'സേ' പരീക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.
2. പരീക്ഷയിൽ പരമാവധി മൂന്ന് പേപ്പറുകൾക്കു കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
3. മാർച്ച് 2026–ലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ മറ്റ് പേപ്പറുകൾക്ക് വിജയിക്കുകയും എന്നാൽ 3 പേപ്പറുകൾക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെവന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.
4. കൂടാതെ 2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം

ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. 'സേ' പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
6. 'സേ' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ **ഫീസ്** ഈടാക്കുന്നതാണ്.
7. പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം 'സേ' പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.
8. **എഴുത്തു പരീക്ഷയിൽ മാത്രമേ സേ** എഴുതുവാൻ കഴിയുകയുള്ളൂ.
9. 2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.
10. എ.എച്ച്.എസ്.എൽ.സി. ഐ.റ്റി പരീക്ഷയിൽ തിയറിയും പ്രാക്ടിക്കലും ചേർത്തായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്.

**കുറിപ്പ്:** എ.എച്ച്.എസ്.എൽ.സി സേ പരീക്ഷയോടനുബന്ധിച്ച ജല്ല നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.

## 2026–ലെ എ.എച്ച്.എസ്.എൽ.സി സേ പരീക്ഷാതീയതിയും സമയവും

| തീയതി | സമയം | വിഷയം |
|---|---|---|
| 10/06/2026 (ബുധൻ) | രാവിലെ 9.30 മുതൽ 11.15 വരെ | മലയാളം |
| 10/06/2026 (ബുധൻ) | ഉച്ചയ്ക്ക് 1.30 മുതൽ 3.45 വരെ | ലിറ്ററേച്ചർ |
| 11/06/2026 (വ്യാഴം) | രാവിലെ 9.30 മുതൽ 12.15 വരെ | ഗണിതശാസ്ത്രം |
| 11/06/2026 (വ്യാഴം) | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | സംസ്കൃതം |
| 12/06/2026 (വെള്ളി) | രാവിലെ 9.30 മുതൽ 11.45 വരെ | ജനറൽ സയൻസ് |
| 15/06/2026 (തിങ്കൾ) | രാവിലെ 9.30 മുതൽ 12.15 വരെ | ഇംഗ്ലീഷ് |
| 15/06/2026 (തിങ്കൾ) | ഉച്ചയ്ക്ക് ശേഷം 1.30 മുതൽ 3.45 വരെ | ആർട്ട് വിഷയങ്ങൾ– തിയറി കഥകളി വേഷം (വടക്കൻ/തെക്കൻ) കഥകളി സംഗീതം/മൃദംഗം/ഡാൻസ്/ കൂടിയാട്ടം (ആൺ, പെൺ)/ ചെണ്ട/ |

| | | |
|---|---|---|
| | | തുള്ളൽ/കഥകളി/സംഗീതം/മിഴാവ്/ തിമില/മദ്ദളം/ചുട്ടി/കർണ്ണാടക സംഗീതം |
| 16/06/2026 (ചൊവ്വ) | രാവിലെ 9.30 മുതൽ 11.45 വരെ | ഹ്യുമാനിറ്റീസ് |
| 16/06/2026 (ചൊവ്വ) | ഉച്ചയ്ക്ക് ശേഷം 1.30 മുതൽ 3.30 വരെ | ഹിന്ദി |

പ്രത്യേക ശ്രദ്ധയ്ക്ക്

1. അംഗീകരിച്ചിട്ടുള്ള ഇൻഡ്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.
3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.
4. പരീക്ഷയുടെ ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time). ഈ സമയത്ത് യാതൊരു കാരണവശാലും വിദ്യാർത്ഥികൾ ഉത്തരക്കടലാസിൽ ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

## അപേക്ഷകളുടെ രജിസ്ട്രേഷൻ

അനുബന്ധം "എ" ആയി ചേർത്തിരിക്കുന്ന അപേക്ഷാഫോറമാണ് 'സേ' പരീക്ഷയുടെ രജിസ്ട്രേഷനായി പരീക്ഷാകേന്ദ്രത്തിൽ പൂരിപ്പിച്ച് നൽകേണ്ടത്.

## പരീക്ഷാഫീസ്

'സേ' പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം (അനുബന്ധം "എ") പേപ്പർ ഒന്നിന് **100/- രൂപ വീതം** പരീക്ഷ എഴുതുന്ന കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ പണമായി നൽകേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം 2026 മാർച്ച് എ.എച്ച്.എസ്.എൽ.സി. റിസൾട്ടിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ടും നൽകേണ്ടതാണ്. ലഭിച്ച തുക ചീഫ് സൂപ്രണ്ട് 0202-01-102-99 Examination Fee എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. അപേക്ഷാഫാറം പരീക്ഷാഭവന്റെ www.https://ahslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**19/05/2026 ചൊവ്വാഴ്ച മുതൽ 22/05/2026 ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക്** മുമ്പായി അപേക്ഷ നൽകേണ്ടതാണ്.

പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് അപേക്ഷാഫാറം സ്വീകരിച്ച് **25/05/2026-ന് വൈകിട്ട് 5 മണിക്ക് മുമ്പ് തന്നെ** ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സേ പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്.

**പരീക്ഷാ കേന്ദ്രം**

കേരള കലാമണ്ഡലം ആർട്ട് എച്ച്.എസ് ചെറുതുരുത്തി, വള്ളത്തോൾ നഗർ, തൃശ്ശൂർ – 678 531.

കേരള കലാമണ്ഡലം ആർട്ട് എച്ച്.എസ്, ചെറുതുരുത്തി സ്കൂളിലെ പ്രിൻസിപ്പാൾ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള ചീഫ് സൂപ്രണ്ടായിരിക്കും.

**ഹാൾടിക്കറ്റ്**

'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് **04/06/2026**–ന് മുൻപ് ഹാൾ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**സർട്ടിഫിക്കറ്റ്**

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് മാർച്ച് 2026–ലെ സർട്ടിഫിക്കറ്റിന് പകരം ഗ്രേഡ് രേഖപ്പെടുത്തിയ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ രജിസ്റ്റേർഡായി അയയ്ക്കേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവർ കൃത്യമായി പാലിക്കേണ്ടതാണ്.

**പരീക്ഷാ കമ്മീഷണർ**

# അനുബന്ധം - എ

## എ.എച്ച്.എസ്.എൽ.സി. സേവ് എ ഇയർ ('സേ') പരീക്ഷ

## ജൂൺ 2026

## അപേക്ഷാഫാറം

1. സേ പരീക്ഷാകേന്ദ്രത്തിന്റെ പേര് : കലാമണ്ഡലം ആർട്ട് എച്ച്.എസ്.എസ്.ചെറുതുരുത്തി

2. (എ) പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :

   (ബി) ജനനതീയതി :

3. 2026 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ:

4. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ

(ഡി+ ഗ്രേഡിന് താഴെ ലഭിച്ച 3 പേപ്പറുകൾ) :

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (03/2026) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2026 മാർച്ചിലെ എ.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. സേ പരീക്ഷയ്ക്ക് അടയ്ക്കുന്ന ഫീസ് :

6. പൂർണ്ണമായ മേൽ വിലാസവും ഫോൺനമ്പരും :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: **പരീക്ഷാർത്ഥിയുടെ ഒപ്പ്**